# കണികാണും നേരം

## (പൂന്താനം)

കണികാണും നേരം കമലനേത്രന്റെ
നിറമേറും മഞ്ഞത്തുകിൽ ചാർത്തി
കനകക്കിങ്ങിണി വളകൾ മോതിരം
അണിഞ്ഞു കാണേണം ഭഗവാനെ

നരകവൈരിയാമരവിന്ദാക്ഷന്റെ
ചെറിയനാളത്തെക്കളികളും
തിരുമെയ് ശോഭയും കരുതി കൂപ്പുന്നേൻ
അടുത്തുവാ ഉണ്ണീ കണികാണ്മാൻ

കണികാണും നേരം കമലനേത്രന്റെ
നിറമേറും മഞ്ഞത്തുകിൽ ചാർത്തി
കനകക്കിങ്ങിണി വളകൾ മോതിരം
അണിഞ്ഞു കാണേണം ഭഗവാനെ

മലർമാതിൻ കാന്തൻ വസുദേവാത്മജൻ
പുലർകാലേ പാടിക്കുഴലൂതി
ചിലുചിലെയെന്നു കിലുങ്ങും കാഞ്ചന
ചിലമ്പിട്ടോടിവാ കണികാണ്മാൻ

കണികാണും നേരം കമലനേത്രന്റെ
നിറമേറും മഞ്ഞത്തുകിൽ ചാർത്തി
കനകക്കിങ്ങിണി വളകൾ മോതിരം
അണിഞ്ഞു കാണേണം ഭഗവാനെ

http://www.vaikhari.org

**ശി**ശുക്കളായുള്ള സഖിമാരും താനും

പശുക്കളെ മേയ്ച്ചു നടക്കുമ്പോൾ

വിശക്കുമ്പോൾ വെണ്ണ കവർന്നുണ്ണും കൃഷ്ണാ

വശത്തു വാ ഉണ്ണി കണികാണ്മാൻ

കണികാണും നേരം കമലനേത്രന്റെ

നിറമേറും മഞ്ഞത്തുകിൽ ചാർത്തി

കനകക്കിങ്ങിണി വളകൾ മോതിരം

അണിഞ്ഞു കാണേണം ഭഗവാനെ

**വാ**ലസ്ത്രീകൾടെ തുകിലും വാരിക്കൊ

ണ്ടരയാലിൻ കൊമ്പത്തിരുന്നോരോ

ശീലക്കേടുകൾ പറഞ്ഞും ഭാവിച്ചും

നീലക്കാർവർണ്ണാ കണികാണ്മാൻ

കണികാണും നേരം കമലനേത്രന്റെ

നിറമേറും മഞ്ഞത്തുകിൽ ചാർത്തി

കനകക്കിങ്ങിണി വളകൾ മോതിരം

അണിഞ്ഞു കാണേണം ഭഗവാനെ

**യെ**തിരേ ഗോവിന്ദനരികേ വന്നോരോ

പുതുമയായുള്ള വചനങ്ങൾ

മധുരമാം വണ്ണം പറഞ്ഞും താൻ മന്ദ

സ്മിതവും തൂകിവാ കണികാണ്മാൻ

കണികാണും നേരം കമലനേത്രന്റെ

നിറമേറും മഞ്ഞത്തുകിൽ ചാർത്തി

കനകക്കിങ്ങിണി വളകൾ മോതിരം

അണിഞ്ഞു കാണേണം ഭഗവാനെ

http://www.vaikhari.org